**നം.കെഎസ്എ.കെടിഎം.പി.14/1382/2019 തീയതി 09.10.2019**

## കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

**കോട്ടയം** ജില്ലയിലെ **മേലുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-07-18 മുതൽ 27-08-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 05-09-2019 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു സി. ജോർജ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.08.2019 - 05.09.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സജി പി.ആർ., ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷാജിമോൻ പി. ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ബാബുരാജ് കെ.ബി., ഓഡിറ്റർ(HG)<br>ശ്രീമതി കൃഷ്ണപ്രിയ എസ്., ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ഷീബാമോൾ ജോസഫ്<br>ശ്രീമതി നിഷാ ജോസഫ് | 01.04.2018-19.10.2018<br>15.11.2018-31.03.2019 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ അലക്സ് റ്റി ജോസഫ്<br>ശ്രീ ജെറ്റോ ജോസ് | 01.04.2018-19.10.2018<br>15.11.2018-31.03.2019 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി ബെറ്റി ജിജു | 01.04.2018-31.03.2019 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ ജെറ്റോ ജോസ്<br>ശ്രീ അലക്സ് റ്റി. ജോസഫ് | 0.04.2018-19.10.2018<br>19.12.2018-31.03.2019 |

| | | |
|---|---|---|
| ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി ആലീസ് ജോസ് | 01.04.2018-31.03.2019 |
| സെക്രട്ടറി | ശ്രീമതി എൽസമ്മ ജോസഫ് | 01.04.2018-31.07.2018 |
| | ശ്രീ സുരേഷ് | 01.08.2018- 07.08.2018 |
| | ശ്രീ നൗഷാദ് എ | 08.08.2018- 31.03.2019 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. നിയാസ് എം.എ. | 01.04.2018-31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി അശ്വതി വിജയൻ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ , സി.എച്ച്.സി, മേലുകാവ് | ഡോ രാധിക വിജയൻ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ സാജു സാം | 01.04.2018-31.03.2019 |
| വി.ഇ.ഒ | ശ്രീ ഫിലിപ് തോമസ് | 01.04.2018-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി എൽസി ടോം | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ ജയിംസ് ജോർജ്<br>ശ്രീമതി ചിത്ര. എസ്<br>ശ്രീ ജയപ്രകാശ് (ഓവർസിയർ ഇൻ ചാർജ് )<br>ശ്രീ ഉണ്ണികൃഷ്ണൻ ജെ. ആർ | 01.04.2018-31.07.2018<br>01.08.2018-21.01.2019<br>22.01.2019- 08.03.2019<br>09.03.201931.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ അനിയൻ<br>ശ്രീ ഡൊണാൾഡ് വിൽസൺ | 01.04.2018-27.11.2018<br>28.11.2018-31.03.2019 |
| എച്ച്.എം | ശ്രീമതി ബീനാ ജി. നായർ | 01.04.2018-31.03.2-19 |

**<u>ഉള്ളടക്കം</u>**


| ഖണ്ഡിക നമ്പർ | |
|---|---|
| **ഭാഗം 1 - ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യപത്രികയുടെ പരിശോധനയും വിശകലനവും |
| 1-8 | രസീത് സൂക്ഷിപ്പിലെ അപാകതകൾ |
| 1-9 | കെട്ടിടങ്ങൾക്ക് ക്രമപ്രകാരമല്ലാതെ വസ്തുനികുതി ഒഴിവാക്കി |
| 1-10 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു |
| 1-11 | സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു |

| | |
|---|---|
| 1-12 | വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു |
| 1-13 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല |
| 1-14 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള വിഹിതം ഒടുക്കിയിട്ടില്ല/ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് |
| 1-15 | വനിതാ ഉൽപ്പന്ന വിപണനകേന്ദ്രം-വനിതാ ഘടകപദ്ധതി ഫണ്ട് വകമാറ്റി ചെലവഴിച്ചു |
| 1-16 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ-വാങ്ങൽ നടപടികളിലെ അപാകതകൾ |
| 1-17 | ജലസേചന പമ്പ് സെറ്റ് (ടി.എസ്.പി)-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 1-18 | കിണർ പുനരുദ്ധാരണം പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 1-19 | അഡ്വാൻസ് വാങ്ങി-ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ല |
| 1-20 | സ്റ്റോക്ക്/വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല – 4,05,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-21 | ലൈഫ് ഭവനപദ്ധതി – അവലോകനം |
| 1-22 | വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല |
| **ഭാഗം 2 - വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 3 - ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ജലസേചന പമ്പ്സെറ്റ് (ടി.എസ്.പി)-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| **ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം4 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 15.03.2018ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർത്ഥ വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 28907754 | 6333769.40 |
| വരവ് | 49926500 | 42515509 |
| ചെലവ് | - | 42682181 |
| ആകെ | 78834254 | 48849278 |
| ചെലവ് | 72011000 | 42682181 |
| നീക്കിയിരിപ്പ് | 6823254 | 6167097 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7793000 | 7793000 | 7523197 | 269803 | 96.53 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1049000 | 1049000 | 715939 | 333061 | 68.24 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6575000 | 6575000 | 5142951 | 1432049 | 78.21 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6204000 | 6204000 | 5047071 | 1156929 | 81.35 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2780000 | 2780000 | 1295521 | 1484479 | 46.6 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 8614 | 11102288 | 11110902 | 11084907.5 | 34608.5 | 99.77 |
| ജനറൽ പർപ്പസ് ഫണ്ട് | 291130 | 5907963 | 6199093 | 5269005 | 930088 | 85 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 5166493 | 5166493 | 2444798 | 2721695 | 47.32 |
| ബി ഫണ്ട് | 0 | 30000 | 30000 | 30000 | 0 | 100 |
| ജോയിന്റ് വെഞ്ചർ | 0 | 1951904 | 1951904 | 1763323 | 188581 | 9033 |
| തനത് ഫണ്ട് | * | 3370253 | 3370253 | 4217516 | * | |
| റ്റി.എസ്.സി. കേന്ദ്രവിഹിതം | 32330 | 500000 | 532330 | 299000 | 233330 | 56 |
| ഐസിഡിഎസ് കേന്ദ്രവിഹിതം | 0 | 495184 | 495184 | 258161 | 237023 | 52.13 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | 70716 | 89 | 70805 | 68500 | 2305 | 96.74 |
| വരൾച്ച ദുരിതാശ്വാസം | 100000 | 0 | 100000 | 0 | 100000 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് | 183000 | 324858 | 507858 | 195000 | 312858 | 37.9 |

*തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ടായി പരിഗണിക്കാൻ പറ്റാത്ത ഇനങ്ങൾ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ തനത് ഫണ്ടിന്റെ മാത്രമായി മുന്നിരിപ്പ്/നീക്കിയിരിപ്പ് എന്നിവ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

## ബി) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19680 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 1692400 | 129 |
| വിധവാപെൻഷൻ | 2850100 | 238 |
| വാർദ്ധക്യകാലപെൻഷൻ | 9887400 | 780 |
| വികലാംഗപെൻഷൻ | 1345400 | 103 |
| അവിവാഹിത പെൻഷൻ | 441100 | 35 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## സി) <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10518828 | 10518828 | 10518828 | 0 |
| കാഷ് | 8614 | 584712 | 593326 | 566080 | 27246 |
| ആകെ | 8614 | 11103540 | 11112154 | 11084908 | 27246 |

# 1-3 പദ്ധതി അവലോകനം.

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 29.02.2018 ൽ ചേരുകയുണ്ടായി. 13 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിക്കപ്പെടുകയും യോഗം ചേരുകയും ചെയ്തത്. പദ്ധതി രൂപീകരണത്തിനായുള്ള വാർഡടിസ്ഥാനത്തിലുള്ള ഗ്രാമസഭകൾ 21.02.2018 മുതൽ 24.02.2018 വരെയുള്ള കാലയളവിൽ ചേർന്നിട്ടുണ്ട്.

2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട വികസനസെമിനാർ 09.03.2018 ൽ ചേർന്നതായി മിനിറ്റ്സ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 95 പേരുടെ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 48648773 | 109 | 30081323 | - | - | 78 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫിസർ | 11 | 11 | 1046485 | 747500 | വികസനകാര്യം |
| 2 | വെറ്ററിനറി സർജൻ | 5 | 5 | 1374000 | 1217000 | വികസനകാര്യം |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 1 | 1 | 350000 | 350000 | ആരോഗ്യം-വിദ്യാഭ്യാസം |
| 4 | മെഡി.ഓഫീസർ, ഹോമിയോ | 2 | 2 | 500000 | 500000 | ആരോഗ്യം-വിദ്യാഭ്യാസം |
| 5 | വി.ഇ.ഒ. | 11 | 9 | 20385127 | 10923616 | വികസനകാര്യം, ക്ഷേമകാര്യം |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 11 | 3312800 | 2612029 | ക്ഷേമകാര്യം |
| 7 | സെക്രട്ടറി | 17 | 14 | 3125715 | 2036828 | വികസനകാര്യം, ധനകാര്യം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം |
| 8 | അസിസ്റ്റന്റ് എൻജിനീയർ | 69 | 48 | 15214477 | 9943875 | വികസനകാര്യം |
| 9 | ഹെഡ്മാസ്റ്റർ | 8 | 6 | 1831594 | 941900 | ആരോഗ്യം-വിദ്യാഭ്യാസം |
| 10 | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 2 | 2 | 1508575 | 808575 | വികസനം |
| ആകെ | | 139 | 109 | 48648773 | 30081323 | |

പദ്ധതി വിഹിതത്തിൽ പൂർണ്ണമായി ചെലവഴിക്കാനാവാതെ വന്ന 73,98,016/- രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. ഇതിൽ 40,69,146/- രൂപയുടെ ബില്ലുകൾ 31.03.19ൽ ക്യൂ ബില്ലിൽ ഉൾപ്പെട്ടു പോയതാണെങ്കിലും പ്രസ്തുത തുകയും നടപ്പ് സാമ്പത്തിക വർഷത്തെ (2019-20) അലോട്ട്മെന്റിൽ നിന്നും കുറവ് ചെയ്യപ്പെട്ടതിനാലും ഭേദഗതി കൂടാതെ തുടരുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ ക്യാരിഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിക്കാത്തതിനാലും ഫലത്തിൽ 73.98 ലക്ഷം

രൂപ നിലവിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമായി. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ രേഖകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിലും, വിനിയോഗത്തിനാധാരമായ രേഖകൾ ലഭ്യാക്കി ചെലവ് വിശദാംശങ്ങൾ ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതിലും ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട് (വിശദാംശങ്ങൾക്ക് 1-17, 1-18, 1-22 കാണുക).

അപാകങ്ങൾ ഒഴിവാക്കി പദ്ധതി ആസൂത്രണവും നിർവ്വഹണവും സർക്കാർ ഉത്തരവുകൾക്കനുസൃതമായും സമയബന്ധിതമായും പൂർത്തിയാക്കി പദ്ധതി തുക ലാപ്സാകുന്നത് ഒഴിവാക്കുന്നതിലും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിലും ശ്രദ്ധ പുലർത്തേണ്ടതാണ്.

# 1-4 ആഭ്യന്തരനിയന്ത്രണ സംവിധാനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാന്വൽ ഭാഗം I അനുബന്ധം (ബി) യിലെ ചോദ്യാവലി അടിസ്ഥാനമാക്കി മേലുകാവ് ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി. ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്ന നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല. സാംഖ്യാ സ്റ്റേഷനറിക്കും മാന്വൽ രസീത് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. സാംഖ്യാ രസീതുകളുടെ കൗണ്ടർഫോയിലുകൾ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. ജീവനക്കാരുടെ ശമ്പളബില്ലുകളിൽ നിന്നുള്ള റിക്കവറികൾ, പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ യഥാസമയം ഒടുക്കുവരുത്തുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു.

# 1-5 ക്യാഷ് വെരിഫിക്കേഷൻ

മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2019 തീയതിയിൽ 3:45 പി.എം.-ന് പഞ്ചായത്ത് അക്കൗണ്ടന്റ് ശ്രീ. അജയകുമാർ കെ.കെ.യുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 6670/- രൂപ ക്യാഷ്, 5000/- രൂപ ചെക്ക് എന്നിവ ഭൗതികമായി പരിശോധിച്ച് കൃത്യത ബോധ്യപ്പെട്ടു.

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 7/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.05.2018-18.05.2018 | 2013-14 മുതൽ 2017-18 വരെ | No. LBA(HQ)II/II/ 8A-42/19/ 37 dtd.18.06.2018 |

# 1-7 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയും വിശകലനവും

മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക 17.06.2019-ൽ ഓഡിറ്റിനായി സമർപ്പിച്ചിരുന്നു. 17.06.2019, 18.06.2019 എന്നീ തീയതികളിൽ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നടത്തുകയുണ്ടായി. പരിശോധനയുടെ അടിസ്ഥാനത്തിൽ 22.06.19 ലെ കെ.എസ്.എ.കെ.ടി.എം.പി-14/888/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം

നല്കിയിട്ടുണ്ട്. 2018-19 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ, വാർഷിക കണക്കിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.
2. ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
3. RP 40(a), RP 40 (b)എന്നിവയിൽ ട്രഷറി ഓൺ ഫണ്ട് വി പി എഫ് എ 1-2 , വി പി എഫ് എ 1-3 എന്നിവയിൽ യഥാക്രമം 992/- രൂപ, 3579/- രൂപ നീക്കിയിരിപ്പ് ഉണ്ടെങ്കിലും ആയതിന്റെ പാസ്സ്ബുക്ക്, പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ ലഭ്യമായിട്ടില്ല.
4. ലൈസൻസ്, വാടക എന്നിവയുടെ കുടിശിക/തൻവർഷ ഡിമാൻറ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
5. B12 ഷെഡ്യൂളിൽ 6000/- രൂപ സ്ഥിരനിക്ഷേപം ഉള്ളതായി ചേർത്തിട്ടുണ്ട്. എന്നാൽ സ്ഥിരനിക്ഷേപ രസീത്, ബാങ്ക് സ്റ്റേറ്റ്മെന്റ്, രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമായില്ല.
6. B18 ഷെഡ്യൂളിൽ Advance to others, Advance to Implementing agencies – deposit with KSEB, Advance to Implementing Agencies – Nirmithi Kendra എന്നിവയുടെ മുന്നിരിപ്പ്, തൻവർഷ വിനിമയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.
7. B7 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ തുകകളുടെ തൻവർഷ വിനിമയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മുന്നിരിപ്പ്, നീക്കിയിരിപ്പ്, വരവ്, ചെലവ് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.
8. റെസിഡെൻഷ്യൽ/നോൺ റെസിഡെൻഷ്യൽ വസ്തു നികുതി അരിയർ/കറൻറ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല. (ഇതിനുള്ള അക്കൗണ്ട് ശുദ്ധീകരണ (Purification) നടപടികൾ പൂർത്തിയായിട്ടില്ല).
9. ലൈഫ് മിഷൻ പദ്ധതിക്കായി കേരള ഗ്രാമീൺ ബാങ്കിൽ 40626101028085 എന്ന അക്കൗണ്ട് നമ്പറിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിൽ 1179/- രൂപ പലിശ ക്രെഡിറ്റ് വന്നത് ലയബിലിറ്റി ഹെഡിൽ ലോൺ അക്കൗണ്ടിലാണ് വരവ് വച്ചിരിക്കുന്നത്.
10. ഐ സി ഡി എസ് വരവുകളായ SNP2 Second Quarter SC – 1173100/-, SNP2 Second Quarter ST – 70263/-എന്നിവ 320100299 Other Central Government Grants എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത് ശരിയല്ല. ആയത് 320100121 ICDS Central Share എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.
11. പിരിഞ്ഞ് കിട്ടാനുള്ള തുകകൾക്ക് കാലപ്പഴക്കത്തിൻെറ അടിസ്ഥാനത്തിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.
12. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ നം. 110/19 – വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി എന്ന പദ്ധതിക്കായി ഭൂജല വകുപ്പിൽ നിക്ഷേപിച്ചിട്ടുള്ള 4,50,000/- രൂപ B 18 ഷെഡ്യൂളിൽ നിർവ്വഹണ ഏജൻസികൾക്കുള്ള മുൻകൂർ എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല.
13. B18 ഷെഡ്യൂളിൽ Advance to Implementing agencies – deposit with KSEB എന്ന ശീർഷകത്തിൽ 4,87,297/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം

47/19, 49/19, 50/19, 86/19 എന്നിങ്ങനെ നാല് പദ്ധതികൾക്കായി ആകെ 7,10,690/- രൂപ കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ആയി നൽകിയിട്ടുണ്ട്.

## 1-8 രസീത് സൂക്ഷിപ്പിലെ അപാകതകൾ

മേലുകാവ് ഗ്രാമപഞ്ചായത്തിലെ 2018-19 സാമ്പത്തിക വർഷം എല്ലാ സാംഖ്യാ ക്യാൻസൽഡ് രസീതുകളും പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ കൃത്യമായി ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്റ്റേഷനറി നം.0357195/13.02.19, 0358446/11.04.19 എന്നിവ ക്യാൻസൽഡ് എന്ന് എഴുതുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) താഴെപ്പറയുന്ന രസീതുകളിൽ ക്യാൻസൽഡ് എന്ന് എഴുതിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്റ്റേഷനറി നം. | രസീത് നം. |
|---|---|---|
| 1 | 0356711 | 15.12.18 |
| 2 | 0358418 | 119030100013/08.04.19 |
| 3 | 0358872 | 119030100462/14.06.19 |

ഇപ്രകാരം സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യാതിരിക്കുന്നത് പിന്നീട് ക്രമക്കേടുകൾ നടത്തുന്നതിന് ഇടവരുത്തുന്നു. പ്രിന്റർ തകരാർ മൂലമോ മറ്റ് കാരണങ്ങൾ മൂലമോ സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യുന്ന സന്ദർഭങ്ങളിൽ അതാത് ദിവസം തന്നെ അവ പുനർ ഉപയോഗം സാധ്യമാകാത്ത വിധം ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-9 കെട്ടിടങ്ങൾക്ക് ക്രമപ്രകാരമല്ലാതെ വസ്തു നികുതി ഒഴിവാക്കി നൽകി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് എ മുതൽ ജെ വരെയുള്ള ഉപയോഗക്രമത്തിൽ പറഞ്ഞിട്ടുള്ള കെട്ടിടങ്ങളെയും ഭൂമികളെയും 200-ാം വകുപ്പ് പ്രകാരം ചുമത്താവുന്ന നികുതിയിലോ ഉപനികുതിയിലോ കരത്തിലോ നിന്ന് ഒഴിവാക്കാവുന്നതാണ്. എന്നാൽ മേലുകാവ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളെ 200-ാം വകുപ്പ് പ്രകാരമല്ലാതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | I/208 | മാനേജർ<br>ദേവസ്വം ഓഫീസ്<br>മേലുകാവ് | 40.5 ച. മീ. |
| 2 | IX/192 | ജോസഫ് മത്തായി<br>മൂക്കൻതോട്ടത്തിൽ | 96 ച. മീ. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/04.09.19) I/208-ാം നമ്പർ കെട്ടിടം സഞ്ചയ സോഫ്റ്റ്‌വെയറിൽ ആരാധനാലയം എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് നികുതി ഒഴിവായതെന്നും സഞ്ചയ സോഫ്റ്റ്‌വെയറിൽ ടി കെട്ടിടത്തിൻറ വിവരങ്ങൾ ശരിയായി രേഖപ്പെടുത്തി ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ 9/192-ാംനമ്പർ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കിയതിന് കാരണം കെട്ടിട ഉടമസ്ഥൻ വിമുക്ത ഭടൻ ആയതിനാലാണ് എന്നും എന്നാൽ ശരിയായ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. സഞ്ചയ

സോഫ്റ്റ്‌വെയറിൽ കെട്ടിട വിവരങ്ങൾ ശരിയായി രേഖപ്പെടുത്തുകയും ക്രമപ്രകാരമല്ലാതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട വ്യക്തിയിൽ നിന്നും വസ്തു നികുതി ഈടാക്കുകയും ചെയ്ത് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-10 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും പ്രസ്തുത ലൈസൻസിലും 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. എന്നാൽ മേലുകാവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വ്യവസായ ആവശ്യത്തിനുള്ള ഷെഡുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി ലൈവ് സ്റ്റോക്ക് ഷെഡ്, കോഴി വളർത്തൽ ഷെഡ് എന്നിവയായി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | I/43 A | ഭാസ്കരൻ എ. ഐ. അരീക്കൽ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 2 | VI/90 | തോമസ് സെബാസ്റ്റ്യൻ വെട്ടുകല്ലേൽ | കോഴി വളർത്തൽ ഷെഡ് |
| 3 | VII/49 | മദർ സുപ്പീരിയർ ക്ലാരിസ്റ്റ് കോൺവെന്റ് | ലൈവ് സ്റ്റോക്ക് ഷെഡ് |
| 4 | VII/60 C | റെജീസ് സണ്ണി പുളിക്കൽ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 5 | VII/105 A | ആൻറണി തോമസ് ഇളംപ്ലാശ്ശേരിൽ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 6 | VII/144 A | റോണി സക്കറിയാസ് വാളിപ്ലാക്കൽ | കോഴി വളർത്തൽ ഷെഡ് |
| 7 | VII/180 A | സ്കറിയ ചാക്കോ താഴത്തേൽ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 8 | VIII/189 A | അൽഫോൺസാ മാത്യു മൂക്കന്തോട്ടത്തിൽ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 9 | X/79 A | റോജി മാത്യു പുതുപ്പറമ്പിൽ | കോഴി വളർത്തൽ ഷെഡ് |

| | | | |
|---|---|---|---|
| 10 | X/106 A | റോബർട്ട് അബ്രഹാം പാമ്പാറയിൽ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 11 | XI/28 A | മാത്യൂസ് മാർട്ടിൻ കല്ലേക്കുളത്ത് | കോഴി വളർത്തൽ ഷെഡ് |
| 12 | XI/106 C | തോമസ് ഫ്രാൻസിസ് മാരിപ്പുറത്ത് | കോഴി വളർത്തൽ ഷെഡ് |
| 13 | XI/106 D | തോമസ് ഫ്രാൻസിസ് മാരിപ്പുറത്ത് | കോഴി വളർത്തൽ ഷെഡ് |
| 14 | XI/111 A | ജോർജ്ജ് മാത്യു ഒറ്റത്തെങ്ങുങ്കൽ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 15 | XI/116 B | കുരുവിള ജോസഫ് അഞ്ചുകണ്ടത്തിൽ | ലൈവ് സ്റ്റോക്ക് ഷെഡ് |
| 16 | XI/232 | ഇട്ടിയവിര ജോസഫ് കാര്യാങ്കൽ | കോഴി വളർത്തൽ |
| 17 | XIII/150 A | മൈക്കിൾ തയ്യിൽ | കോഴി വളർത്തൽ ഷെഡ് |

കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 പ്രകാരം 100 കോഴികളിൽ കൂടുതൽ ഉണ്ടെങ്കിൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുക്കേണ്ടതാണ്. ഇപ്രകാരം കോഴി വളർത്തൽ ഷെഡ് ആയി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വളർത്തുന്ന കോഴികളുടെ എണ്ണം ലഭ്യമാക്കുവാൻ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ചും ലൈവ് സ്റ്റോക്ക് ഷെഡുകളായി നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/02.09.19) മേൽ വിവരങ്ങൾ വെറ്ററിനറി സർജൻ മുഖാന്തിരം അന്വേഷണം നടത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇപ്രകാരം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നത് ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്നതുമാകയാൽ ലൈവ് സ്റ്റോക്ക് ഷെഡ്, കോഴി വളർത്തൽ ഷെഡ് എന്നിവയിൽ വളർത്തുന്ന ജീവികളുടെ എണ്ണം കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ലൈസൻസ് പരിധിയിൽപ്പെടുന്നവയിൽ നിന്നും ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-11 സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ്

ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല.

എ) മേലുകാവ് പഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

1. ജോവാൻസ് ഡെന്റൽ കെയർ

2. പാണ്ടിക്കാട്ട് വൈദ്യശാല

ബി) അസംപ്ഷൻ ഹോസ്പിറ്റൽ, മേലുകാവ് എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും പ്രവർത്തിക്കുന്നതായി കാണുന്നു.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/31.08.19) ജോവാൻസ് ഡെന്റൽ കെയർ എന്ന സ്ഥാപനത്തിന്റെ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് 02.09.19 ലെ 119030100893 -ാം നമ്പർ രസീത് പ്രകാരം ഇപ്പോൾ ഈടാക്കിയിട്ടുണ്ടെന്നും മറ്റ് രണ്ട് സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും രജിസ്ട്രേഷൻ ഫീസും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പാണ്ടിക്കാട്ട് വൈദ്യശാല എന്ന സ്ഥാപനത്തിൽ നിന്നും രജിസ്ട്രേഷൻ ഫീസും അസംപ്ഷൻ ഹോസ്പിറ്റൽ, മേലുകാവ് എന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസും രജിസ്ട്രേഷൻ ഫീസും ഈടാക്കി വിവരം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 1-12 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ മേലുകാവ് ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2018-19 സാമ്പത്തിക വർഷം മേലുകാവ് ഗ്രാമപഞ്ചായത്തിൽ 177 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 521 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 18 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 5 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 17 |

| | |
|---|---|
| ഓഫീസ് ആവശ്യം | 9 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 34 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 5 |
| **ആകെ എണ്ണം** | **610** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 610 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 177 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാണ്. പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ-വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് പ്രകാരം 208 സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ലിസ്റ്റിലുള്ള സ്ഥാപനങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും വ്യത്യസ്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ് ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 30.10.2017 ജി.ഒ.(പി) 80/ 17 /ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് പ്രകാരം 01.11.2017 മുതൽ പുതുക്കിയ ചട്ടപ്രകാരമാണ് ലൈസൻസ് നൽകേണ്ടത്. എന്നാൽ 2018-19 സാമ്പത്തിക വർഷം മേൽ ഭേദഗതി പ്രകാരം പുതുക്കിയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതിനെതിരെ മേലുകാവ് പഞ്ചായത്തിലെ വ്യാപാരി-വ്യവസായികൾ പരാതി നൽകുകയും ആയതിൻെറ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ച കുറഞ്ഞ നിരക്കായ 500/- രൂപയ്ക്ക് പകരം 28.09.18ലെ 7/1-ാം നമ്പർ തീരുമാനപ്രകാരം 200/- രൂപ കുറഞ്ഞ ഫീസ് ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാന ഇനത്തിലെ പ്രധാന ഇനമായ ലൈസൻസ് സംബന്ധിച്ച 30.10.2017ലെ ചട്ട ഭേദഗതി പഞ്ചായത്തിന് അനുകൂലമായി നടപ്പാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

# 1-13 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതിയും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് ഫീസും മേലുകാവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കിയിട്ടില്ല. കള്ളുഷാപ്പുകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നത് സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. ചട്ടലംഘനം ഒഴിവാക്കുന്നതിനായും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുന്നതിനായും റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കുള്ള

## വിഹിതം ഒടുക്കിയിട്ടില്ല/ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ 9/18 മുതൽ 2/19 വരെയുള്ള മാസങ്ങളിലെ ശമ്പളബില്ലുകളിൽ നിന്നും താഴെ ചേർക്കും പ്രകാരം CMDRF വിഹിതം കുറവ് ചെയ്തിട്ടുണ്ട്. ആയത് പൂർണ്ണമായും മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒടുക്കിയിട്ടില്ല.

| മാസം | ജീവനക്കാരന്റെ പേര് | റിക്കവറി തുക | ഒടുക്കുവിവരം (വൗച്ചർ നം ) | റിമാർക്ക് |
|---|---|---|---|---|
| 9/18 | പദ്മകുമാർ, അക്കൗണ്ടന്റ്<br>സലിജ, ക്ലർക്ക് | 3584<br>3511 | 21800317/ 3.10.2018 | ട്രഷറിയിൽ സ്വീകരിച്ചിട്ടുണ്ട്. |
| 9/18 | നൗഷാദ്, സെക്രട്ടറി | 7000 | 21800357/ 24.10.2018 | ട്രഷറിയിൽ സ്വീകരിച്ചതിന്റെ വിവരം ഇല്ല. |
| 10/18 | പദ്മകുമാർ, അക്കൗണ്ടന്റ്<br>സലിജ, ക്ലർക്ക്<br>നൗഷാദ്, സെക്രട്ടറി | 3584<br>3511<br>7000 | 21800412/ 21.11.2018 | ട്രഷറിയിൽ സ്വീകരിച്ചതിന്റെ വിവരം ഇല്ല. |
| 11/18 | ശശിധരൻ, അക്കൗണ്ടന്റ്<br>സലിജ, ക്ലർക്ക്<br>നൗഷാദ്, സെക്രട്ടറി | 3931<br>3511<br>7000 | ഒടുക്കിയിട്ടില്ല | - |
| 12/18 | സലിജ, ക്ലർക്ക്<br>നൗഷാദ്, സെക്രട്ടറി | 3511<br>7000 | ഒടുക്കിയിട്ടില്ല | - |
| 1/19 | സലിജ, ക്ലർക്ക്<br>നൗഷാദ്, സെക്രട്ടറി | 3511<br>7000 | ഒടുക്കിയിട്ടില്ല | - |
| 2/19 | സലിജ, ക്ലർക്ക്<br>നൗഷാദ്, സെക്രട്ടറി | 3511<br>7000 | ഒടുക്കിയിട്ടില്ല | - |
| | | 74165 | - | - |

ആകെ 74165/- രൂപ CMDRF വിഹിതം കുറവ് ചെയ്തതിൽ 7095/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. 21095/- രൂപ ഒടുക്കുന്നതിന് വൗച്ചർ പ്രകാരം തുക പിൻവലിച്ചിട്ടുണ്ടെങ്കിലും CMDRF-ൽ ഒടുക്കിയതിന്റെ വിവരം ലഭ്യമല്ല. 45975/- രൂപ നാളിതുവരെ ഒടുക്കിയതായി കാണുന്നില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒടുക്കുന്നതിനായി ജീവനക്കാരുടെ ശമ്പളബില്ലുകളിൽ നിന്നും CMDRF വിഹിതം കുറവ് ചെയ്തതിന് ശേഷം ആയത് യഥാസമയം CMDRF-ൽ ഒടുക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. CMDRF-ൽ ഒടുക്കുന്നതിനായി പിൻവലിച്ച 21095/- രൂപയുടെ ഒടുക്കുവിവരം ലഭ്യമാക്കേണ്ടതാണ്. അതുവരെ 21095/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ഒടുക്കുന്നതിനായി ജീവനക്കാരുടെ ശമ്പളബില്ലുകളിൽ നിന്നും കുറവ് ചെയ്ത 45975/- രൂപ അടിയന്തിരമായി CMDRF ൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-15 വനിതാ ഉൽപന്ന വിപണന കേന്ദ്രം - വനിതാ ഘടകപദ്ധതി -ഫണ്ട് വകമാറ്റി ചെലവഴിച്ചു

പ്രേജക്റ്റ് നം -103/19

വകയിരുത്തിയ തുക - 6,50,000/-

ആകെ പ്രവൃത്തിമൂല്യം - 6,47,791/-

ചെലവ് തുക – 6,47,791/-

ബിൽ നം. 1/18-19-200000,2/18-19-447791

എം ബുക്ക് നം -1/19

കരാറുകാരൻ - ഡെന്നി ജോസ്

പഞ്ചായത്തിൽ വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം നവീകരണം എന്ന പദ്ധതി പൊതുവിഭാഗത്തിൽ ഉൽപ്പാദന മേഖലയിൽ വ്യവസായം സ്വയം തൊഴിൽ സംരംഭങ്ങൾ എന്ന ഉപമേഖലയിൽ വിപണി പ്രോത്സാഹനത്തിനായി വിഭാവനം ചെയ്തു. എന്നാൽ നിർവ്വഹണ വേളയിൽ പഞ്ചായത്തിന്റെ മുറ്റത്ത് ടൈൽ വിരിക്കൽ, മുറ്റത്ത് റൂഫിങ്ങ് നടത്തുക, വരാന്തയിൽ ടൈൽ ഒട്ടിക്കുക, കൈവരി പിടിപ്പിക്കൽ, ഡോർ ഷട്ടർ വയ്ക്കുക തുടങ്ങിയ പ്രവൃത്തികൾ നടത്തി പഞ്ചായത്ത് കെട്ടിടത്തിന്റെ മുൻഭാഗം മോടിപിടിപ്പിക്കുകയാണ് ചെയ്തത്. മേൽവിവരിച്ച പ്രവൃത്തികൾ വനിതകൾക്ക് അവരുടെ ഉൽപന്നങ്ങൾ വിൽപന നടത്തുന്നതിന് എങ്ങനെ സഹായകരമാകുമെന്നത് വ്യക്തമല്ല. ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനത്തിനും ശാസ്ത്രീയമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് പകരം ഇത്തരത്തിൽ ഫണ്ട് വിനിയോഗം നടത്തിയത് വനിതാ ഘടകപദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകയുടെ വ്യക്തമായ വകമാറ്റി ചെലവഴിക്കലാണ്. ഇത്തരത്തിൽ ബോധപൂർവ്വം ഫണ്ട് വകമാറ്റി ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഇത് സംബന്ധമായി ആവശ്യമായ പരിഹാര വകയിരുത്തൽ നടത്തി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 1-16 ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നടപ്പാക്കിയ പദ്ധതികൾ - വാങ്ങൽ നടപടികളിലെ അപാകതകൾ

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഫയലുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

(എ) പ്രോജക്റ്റ് നം. : 32 (അങ്കണവാടികൾക്ക് പഠനോപകരണങ്ങൾ)

അടങ്കൽ : ₹1,00,000/-

ചെലവ് : ₹99,624/-

അങ്കണവാടികൾക്ക് പഠനോപകരണങ്ങൾ എന്ന പദ്ധതിയ്ക്കുവേണ്ടി ടെൻഡർ ക്ഷണിച്ചതിൽ ജോജിൻ ഇൻഡസ്ട്രീസ്, പാലാ, പടവത്തിൽ ഡിസ്ട്രിബ്യൂട്ടേഴ്സ്, ഒളശ്ശ, കോട്ടയം എന്നീ സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചു. ജോജിൻ ഇൻഡസ്ട്രീസ്, പാലാ ഒരു യൂണിറ്റിന് 7116/-രൂപയും പടവത്തിൽ ഡിസ്ട്രിബ്യൂട്ടേഴ്സ്, ഒളശ്ശ, കോട്ടയം 7015/-രൂപയും ആണ് ക്വോട്ട് ചെയ്തിട്ടുള്ളത്. പടവത്തിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനമാണ് കുറഞ്ഞ തുക ക്വോട്ട് ചെയ്തിട്ടുള്ളത് എങ്കിലും "കുറഞ്ഞ തുക ക്വോട്ട് ചെയ്ത ജോജിൻ ഇൻഡസ്ട്രീസ്, പാലാ എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിയ്ക്കുന്നു" എന്നാണ് 1.11.2018 തീയതിയിലെ 2/3 നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതും തുടർന്ന് ടി സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളതും.

ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ കൊണ്ടു വന്ന സാമ്പിൾ പരിശോധിച്ചതിൽ ടെണ്ടറിൽ പറഞ്ഞ പ്രകാരമുള്ളതും ഗുണനിലവാരമുള്ളതുമായ പാവക്കൂട്, പാവകൾ എന്നിവ ജോജിൻ ഇൻഡസ്ട്രീസിന്റെയാണ് എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതെ ജോജിൻ ഇൻഡസ്ട്രീസിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതും വാങ്ങൽ നടത്തിയിട്ടുള്ളതും എന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.8 തീയതി 03.09.19) നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ, കമ്മിറ്റി തീരുമാനമായി രേഖപ്പെടുത്തിയിട്ടുള്ളത് മറുപടിയുമായി പൊരുത്തപ്പെടുന്നില്ല. വസ്തുതകൾക്ക് വിരുദ്ധമായി കമ്മിറ്റി തീരുമാനം രേഖപ്പെടുത്തുന്നത് ക്രമവിരുദ്ധമാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

(ബി) (i)പ്രോജക്ട് നം. : (വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ (ജനറൽ)

അടങ്കൽ : ₹1,69,650/-

ചെലവ് : ₹1,63,800/-

(ii)പ്രോജക്ട് നം. : (വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകൽ(എസ്.റ്റി)

അടങ്കൽ : ₹2,74,050/-

ചെലവ് : ₹2,64,600/-

മേൽപ്പറഞ്ഞ പദ്ധതികൾക്കായി മുള്ളുവേങ്ങ തടിയിൽ അല്ലെങ്കിൽ സ്റ്റീലിൽ നിർമ്മിച്ച (8എം.എം.പ്ലൈ) കട്ടിലുകൾ വിതരണം ചെയ്യുന്നതിനാണ് ടെൻഡർ ക്ഷണിച്ചിട്ടുള്ളത്. താഴെപ്പറയുന്നവർ ടെൻഡർ സമർപ്പിച്ചു.

1. തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ്, കോഴഞ്ചേരി

2. ഹായി ട്രേഡേഴ്സ്, ഈരാറ്റുപേട്ട

3. ചായിപ്പറമ്പിൽ ഫർണിച്ചർ മാർട്ട്, ഈരാറ്റുപേട്ട

4. എം.എച്ച് ഏജൻസീസ്, കൊട്ടാരമറ്റം

5. മാത്യു & സൺസ്, കുറവിലങ്ങാട്

6. ഡെന്നി ജോസ്, ഒറ്റത്തെങ്ങുങ്കൽ, കോണിപ്പാട്

മേൽപ്പറഞ്ഞവയിൽ മാത്യു & സൺസ്, കുറവിലങ്ങാട് മുള്ളുവേങ്ങ/സ്റ്റീൽ കട്ടിൽ ക്വോട്ട് ചെയ്തിട്ടില്ല. എം.എച്ച് ഏജൻസീസ്, കൊട്ടാരമറ്റം, ചായിപ്പറമ്പിൽ ഫർണിച്ചർ മാർട്ട്, ഈരാറ്റുപേട്ട, ഹായി ട്രേഡേഴ്സ്, ഈരാറ്റുപേട്ട എന്നിവർ മുള്ളുവേങ്ങ തടിയിൽ നിർമ്മിച്ച കട്ടിലുകളുടെ നിരക്കുകൾ ക്വോട്ട് ചെയ്തിട്ടുണ്ട്. തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ്, ഡെന്നി ജോസ്, കോണിപ്പാട് എന്നിവർ സ്റ്റീൽ നിർമ്മിത

കട്ടിലുകളുടെ നിരക്കുകൾ ക്വോട്ട് ചെയ്തിട്ടുണ്ട്. ഏതെങ്കിലും ഒരു പ്രത്യേക ഇനം പരാമർശിക്കാതെ ഒന്ന് അല്ലെങ്കിൽ വേറൊന്ന് എന്ന രീതിയിൽ ടെൻഡർ ക്ഷണിച്ചത് വാങ്ങലുകളിൽ പുലർത്തേണ്ട മത്സരാധിഷ്ഠിത സ്വഭാവവും കൃത്യതയും സുതാര്യതയും കൈവരിക്കുന്നതിന് സാധ്യമല്ലാതാക്കിയിട്ടുണ്ട്. 1.11.2018 തീയതിയിലെ 2/1 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ "കട്ടിൽ നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന തടി സംബന്ധിച്ച് അംഗങ്ങൾക്ക് വ്യക്തമായ തീരുമാനത്തിലെത്താൻ സാധിച്ചിട്ടില്ല. തടി കൊണ്ട് നിർമ്മിച്ച കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നത് പരാതിക്കിടയാക്കും എന്നതുകൊണ്ടും മുള്ളുവേങ്ങ മരം ആവശ്യാനുസരണം സമയബന്ധിതമായി ലഭ്യമാകുകയില്ല എന്ന് ഭൂരിപക്ഷം അംഗങ്ങളും അഭിപ്രായപ്പെട്ടതിൻ പ്രകാരം 'പൗഡർ കോട്ടഡ് സ്റ്റീൽ' കൊണ്ട് നിർമ്മിച്ച കട്ടിലുകൾ വാങ്ങി വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും" ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുള്ളുവേങ്ങ തടിയിൽ നിർമ്മിച്ച കട്ടിൽ എന്ന് ടെൻഡർ പരസ്യം നൽകിയതിന് ശേഷം ഏത് തടിയിൽ നിർമ്മിക്കണം എന്ന് ചർച്ച ചെയ്യുന്നതിന്റെയും 3 സ്ഥാപനങ്ങൾ മുള്ളുവേങ്ങ തടിയിൽ നിർമ്മിച്ച നിർദ്ദിഷ്ട എണ്ണം കട്ടിലുകൾ വിതരണം ചെയ്യുന്നതിന് ടെൻഡർ സമർപ്പിച്ചിട്ടുള്ളപ്പോൾ മുള്ളുവേങ്ങ മരം ആവശ്യാനുസരണം സമയബന്ധിതമായി ലഭ്യമാകുമോ എന്ന് ആശങ്കപ്പെടുന്നതിന്റെയും ഔചിത്യം വ്യക്തമല്ല.

2017-18 വർഷത്തെ പദ്ധതി നടത്തിപ്പിൽ ടെണ്ടർ നൽകിയ സ്ഥാപനം ഗുണമേന്മയില്ലാത്ത തടി കട്ടിലുകൾ പല തവണകളായി വിതരണം നടത്തിയത് മൂലവും കേടുപാടുകൾ പരിഹരിക്കാതിരുന്നത് മൂലവും ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടനുഭവിക്കേണ്ടി വന്നുവെന്നും മുള്ളുവേങ്ങ തടിയിലുള്ള കട്ടിൽ വാങ്ങുന്നതിന് ഭരണസമിതിയ്ക്ക് താല്പര്യമില്ലായിരുന്നുവെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. വിതരണത്തിനായി നൽകുന്ന കട്ടിൽ യഥാർത്ഥത്തിൽ മുള്ളുവേങ്ങ തടിയിൽ നിർമ്മിച്ചതാണോ എന്ന് ഉറപ്പുവരുത്തുവാൻ ബുദ്ധിമുട്ടാണ് എന്ന് എക്സിറ്റ് മീറ്റിംഗിൽ വൈസ് പ്രസിഡന്റും അംഗങ്ങളും അഭിപ്രായപ്പെടുകയുണ്ടായി. 8.11.2010 ലെ ത.സ്വ.ഭ.സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ(പി)നം.259/2010/ത.സ്വ.ഭ.വ)യിൽ സേവനദാതാക്കളെയും വിതരണക്കാരെയും കണ്ടെത്തുന്നതിനായി ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കുന്നതിന് മുൻപ്, ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷനുകൾ രൂപീകരിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, പ്രൊക്യുർമെന്റ് ടീം, പ്രൊക്യുർമെന്റ് കമ്മിറ്റി എന്നിവയുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിൽ മേൽപ്പറഞ്ഞ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമം പാലിക്കുന്നതിലും രേഖപ്പെടുത്തപ്പെടുന്ന കമ്മിറ്റി തീരുമാനങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിലും സംഭവിച്ചിട്ടുള്ള വീഴ്ചകൾ പരിഹാരനടപടികൾക്കായും വിശദീകരണത്തിനുമായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 ജലസേചന പമ്പ് സെറ്റ് (ടി.എസ്.പി)-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 84/19 ജലസേചന പമ്പ് സെറ്റ് വിതരണം (ടി.എസ്.പി) പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 1,40,000/- രൂപ പിൻവലിച്ച് 14 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ ജി.ഒ.(എം.എസ്) 22/18/ ത.സ്വ.ഭ.വ.തീയതി 14.02.18 ഖണ്ഡിക 6-1-14 പ്രകാരം ജലസേചന പമ്പ് സെറ്റ് വിതരണം പ്രോജക്ട് പ്രകാരം എല്ലാ വിഭാഗത്തിനും ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമാണ് സബ്സിഡി അനുവദിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ശ്രീ.ജേക്കബ് മാമ്മൻ, പാറേപ്പുരക്കൽ, മേലുകാവ് എന്നയാൾക്ക് സബ്സിഡി ഇനത്തിൽ 10000/- രൂപ ( Bill-4/18-19/ 07.09.18/ 20000/-) പിൻവലിച്ച് SBIയിലെ 67076327421 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിൽ 5 ഏക്കർ 83 സെന്റ് സ്ഥലം ഉള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. രണ്ട് ഹെക്ടറിൽ താഴെ കൃഷിഭൂമി ഉള്ളവരെയാണ് ചെറുകിട കർഷകൻ എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/18-19/2.9.19 ന് മറുപടി

ലഭ്യമാക്കിയില്ല. സബ്സിഡി മാർഗരേഖ പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് മാത്രം അനുവദിക്കാവുന്ന ആനുകൂല്യം ഈ വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 10000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഇപ്രകാരം അനർഹരായ ഗുണഭോക്താവിന് ധനസഹായം നൽകുകവഴി അർഹതയുള്ള ഏതെങ്കിലും ഗുണഭോക്താവിന്റെ അവസരം നിഷേധിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇപ്രകാരം ബോധ്യമായാൽ ആയതിനുള്ള പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നാല് അപേക്ഷകർ പട്ടിക വർഗ വിഭാഗത്തിൽ ഉൾപ്പെട്ടവരാണ് എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആനുകൂല്യം നൽകിയത് പട്ടിക വർഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കാണ് എന്ന് ഉറപ്പാക്കാനാകുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | അനുവദിച്ച സബ്സിഡി തുക | ബിൽ നമ്പർ തീയതി |
|---|---|---|---|
| 1 | ശ്രീ.എൻ.സി.ജോസഫ്, നടുവിലേടത്ത്. കോണിപ്പാട് | 10000/- രൂപ | 16/18-19 / 26.10.08 |
| 2 | പി.ആർ.രവീന്ദ്രൻ, പടകുടിക്കൽ, മേലുകാവ് | 10000/- രൂപ | 32/18-19/ 12.03.19 |
| 3 | സി.എസ്. ഏലിയാസ്, ചാമപ്പാറയിൽ, മേലുകാവ് | 10000/- രൂപ | 17/18-19/ 26.10.18 |
| 4 | എൻ.ജെ. എൈസക്, ഇരുമാപ്രമറ്റം | 10000/- രൂപ | 21/18-19/ 12.03.19 |
| | ആകെ | 40000/- രൂപ | |

സബ്സിഡി നൽകിയത് പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കാണ് എന്ന് ഉറപ്പാക്കാനാകാത്ത സാഹചര്യത്തിൽ 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-18 കിണർ പുനരുദ്ധാരണം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

വി.ഇ.ഒ.നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 116/19 കിണർ പുനരുദ്ധാരണം പ്രോജക്റ്റ് പ്രകാരം വികസന ഫണ്ടിൽ നിന്നും 102000/- രൂപ പിൻവലിച്ച് 17 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി അനുവദിച്ച 17 ഗുണഭോക്താക്കളിൽ 15 പേരും സമർപ്പിച്ച അപേക്ഷയിൽ ഒപ്പ് ഇട്ടിട്ടില്ല. സബ്സിഡി മാർഗരേഖ ജി.ഒ.(എം.എസ്) 22/18. ത.സ്വ.ഭ.വ.തീയതി 14.02.18 ഖണ്ഡിക 6-6 പ്രകാരം കിണർ പുനരുദ്ധാരണം പ്രോജക്റ്റ് പ്രകാരം ജനറൽ വിഭാഗത്തിന് സബ്സിഡി അനുവദിക്കുന്നതിന് കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. പ്രോജക്റ്റ് പ്രകാരം ശ്രീ.മാത്യു ആന്റണി, കോർക്കുഴിയിൽ, മേലുകാവുമറ്റം എന്നയാൾക്ക് സബ്സിഡി ഇനത്തിൽ 6000/- രൂപ (Bill18/18-19/ 16.02.19/ 36000/-) കേരള ഗ്രാമീൺ ബാങ്കിലെ 261471763199 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അപേക്ഷകന്റെ കുടുംബത്തിൽ സർക്കാർ ജീവനക്കാരൻ ഉൾപ്പെട്ടിട്ടുള്ളതായി റേഷൻ കാർഡിൽ നിന്നും വ്യക്തമായി. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/18-19/2.9.19 ന് ലഭ്യമാക്കിയ മറുപടിയിൽ റേഷൻ കാർഡിൽ സർക്കാർ ജീവനക്കാരൻ ഉൾപ്പെട്ടിട്ടുണ്ട് എങ്കിലും ടിയാൾ വേറെ കുടുംബമായി താമസിക്കുന്നു എന്നാണ് അറിയാൻ കഴിഞ്ഞത് എന്നാണ്. ഇത് ആധികാരികമായി പരിഗണിക്കുന്നതിന് സാധിക്കുകയില്ല. മാത്രമല്ല ഇതിന് ആധാരമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടുമില്ല. ഈ സാഹചര്യത്തിൽ സബ്സിഡി മാർഗരേഖയിലെ നിബന്ധനകൾക്ക്

വിരുദ്ധമായി സബ്സിഡി നൽകിയ ഇനത്തിൽ ചെലവഴിച്ച 6000/- രൂപ ഉചിത മാർഗ്ഗേന ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-19 അഡ്വാൻസ് വാങ്ങി- ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ല അഡ്വാൻസ് വാങ്ങി- ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ.നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 115/19 വീട് വാസയോഗ്യമാക്കൽ (ആശ്രയ ജനറൽ) എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 1,20,000/- രൂപ പിൻവലിച്ച് 2 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 40,000/- രൂപ വീതം അഡ്വാൻസ് കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കളിൽ ഒരാൾ പണി പൂർത്തീകരിച്ച് ബാക്കി തുകയായ 40,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ശശി.പി.എ, പാറാനയിൽ, മേലുകാവ് എന്ന ഗുണഭോക്താവിന് 27.02.19ൽ 40000/- രൂപ (ബിൽ നമ്പർ 17/18-18/ 27.02.19/ 80000/-) അഡ്വാൻസ് നൽകിയിരുന്നു. എങ്കിലും നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 40000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലക്ഷ്യമിട്ടവിധം പദ്ധതി പൂർത്തീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-20 സ്റ്റോക്ക്/വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല. 405600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ, ചെലവിന് ആധാരമായ രേഖകൾ, പ്രോജക്ട് ഫയൽ എന്നിവ ക്യാഷ് ബുക്ക്, ട്രഷറി ബിൽ ബുക്ക് എന്നിവയ്ക്കൊപ്പം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി (10/18-18/ 04.09.19) നൽകിയതിന്റെ അടിസ്ഥാനത്തിൽ ബിൽ പകർപ്പ്, ഇൻവോയിസ് എന്നിവ ഹാജരാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ഫണ്ടിനം | ബിൽ നമ്പർ/ തീയതി | തുക ഒടുക്കിയ സ്ഥാപനം/ ഇൻവോയിസ് നമ്പർ |
|---|---|---|---|---|---|---|
| 1 | 60/19 | പച്ചക്കറിതൈ വിതരണം ( വനിത) | 24300 | വികസന ഫണ്ട് | 26/24.12.18 | ഹൈടെക്- സീഡിംഗ്സ് പാമ്പാടി- 1407/14.12.18 |
| 2 | 63/19 | പച്ചക്കറിതൈ വിതരണം ( ടി.എസ്.പി) | 48000 | ടി.എസ്.പി | 24.12.18 | ഹൈടെക്- സീഡിംഗ്സ് പാമ്പാടി- 1406/14.12.18 |
| 3 | 65/19 | തെങ്ങിൻതൈ വിതരണം | 12936<br>4389 | വി.ഫണ്ട്<br>ഗുണഭോക്തൃ വിഹിതം | 37/23.3.19 | V.F.P.C.K.E.K.M.BK/369/ 18.3.19 |
| 4 | 67/19 | തെങ്ങിൻതൈ വിതരണം (ടി.എസ്.പി) | 45000 | ടി.എസ്.പി | 36/23.3.19 | V.F.P.C.K/ E.K.M/K.B.K/ 174/18-19/14.01.19 |
| 5 | 69/19 | ഫലവൃക്ഷത്തൈകൾ | 16200<br>5400 | വി.ഫണ്ട് | 34/20.3.19 | ഹോംഗ്രോൺ നഴ്സറി, വിഴിക്കത്തോട്/ |

| | | | | | | |
|---|---|---|---|---|---|---|
| | | | | ഗുണഭോക്തൃ വിഹിതം | | 2725/13.3.19 |
| 6 | 73/19 | കിഴങ്ങ് വർഗ്ഗ വിത്ത് വിതരണം | 75000 | വികസന ഫണ്ട് | 30/21.2.19 | **V.F.P.C.K/ E.K.M/K.B.K/ 917/18-19/ 7.01.19** |
| 7 | 75/19 | ടിഷ്യൂ കൾച്ചർ വാഴത്തൈ വിതരണം | 50000 | വികസന ഫണ്ട് | 35/20.3.19 | **V.F.P.C.K/ E.K.M/K.B.K/ 175/18-19/ 14.01.19** |
| 8 | 70/19 | തേനീച്ച വളർത്തൽ (വനിത) | 74625<br>49750 | വികസന ഫണ്ട്<br>ഗുണഭോക്തൃ വിഹിതം | 29/18-19/ 12.2.19 | **ഗോൾഡൺ ബീഫാം. ഉള്ളനാട്** |
| 9 | | ആകെ ചെലവ് | 405600/ | | | |

വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 4,05,600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ലൈഫ് ഭവന പദ്ധതി അവലോകനം

2018-19 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതി ആരംഭിച്ചു. പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 23 ഗുണഭോക്താക്കളും, എസ്.റ്റി.വിഭാഗത്തിൽ 8 ഗുണഭോക്താക്കളും, എസ്.സി. വിഭാഗത്തിൽ രണ്ട് ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ 33 ഗുണഭോക്താക്കളും കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിരുന്നു. പ്രോജക്റ്റ് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ വിവരം | വികസന ഫണ്ട് | ടിഎസ്.പി | എസ്.സി.പി | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ലോൺ വിഹിതം | ആകെ |
|---|---|---|---|---|---|---|---|
| എസ്.സി.പി | | | 600000 | 88423 | 100158 | 11419 | 800000 |
| ടിഎസ്.പി | | 943000 | | 397000 | 420000 | 1300000 | 30640000 |
| ജനറൽ | 1399650 | | | 508090 | 367056 | 4480000 | 6754796 |
| ആകെ | 1399650 | 943000 | 600000 | 993513 | 887214 | 6678633 | 1900000 |

എസ്.സി. വിഭാഗത്തിൽ കരാറിൽ ഏർപ്പെട്ടിരുന്ന രണ്ട് ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. എസ്.റ്റി. വിഭാഗത്തിൽ കരാറിൽ ഏർപ്പെട്ട എട്ട് ഗുണഭോക്താക്കളിൽ 2 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 6 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. ഇതിൽ ജോർളി ജോൺ, അമ്പനാപാറയിൽ എന്ന ഗുണഭോക്താവ് 40000/- രൂപ അഡ്വാൻസ് 18.09.18-ൽ കൈപ്പറ്റിയിട്ടുണ്ട് എങ്കിലും നാളിതുവരെ കെട്ടിട നിർമ്മാണം തുടങ്ങിയിട്ടില്ല. ജനറൽ വിഭാഗത്തിൽ കരാറിൽ ഏർപ്പെട്ട 23 ഗുണഭോക്താക്കളിൽ 8 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സെബാസ്റ്റ്യൻ ജോസഫ്, കരിങ്കുറ്റിക്കളത്ത് എന്ന ഗുണഭോക്താവ് 40000/- രൂപ അഡ്വാൻസ് 18.09.18 ൽ കൈപ്പറ്റിയിട്ടുണ്ട് എങ്കിലും നാളിതുവരെ കെട്ടിട നിർമ്മാണം തുടങ്ങിയിട്ടില്ല. മറ്റ് 14 ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം മൂന്നാം ഘട്ടവും നാലാം ഘട്ടവും പൂർത്തികരിച്ചിട്ടുള്ളതാണ്. അഡ്വാൻസ് കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത 2 ഗുണഭോക്താക്കളെക്കൊണ്ട് ഭവന നിർമ്മാണം നടത്തിക്കുകയോ അല്ലാത്തപക്ഷം അഡ്വാൻസ് തുക പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന മറ്റ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ജനറൽ വിഭാഗത്തിൽ ഭവന നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ള ശ്രീ.ജോസ് എ.എം. അള്ളുങ്കൽ എന്ന ഗുണഭോക്താവ് തലപ്പലം പഞ്ചായത്ത് സെക്രട്ടറിക്ക് 26.04.18 ൽ നൽകിയ അപേക്ഷയുടെ പകർപ്പ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാളെ മേലുകാവ് ഗ്രാമ പഞ്ചായത്തിലെ ലൈഫ് പദ്ധതിയുടെ ഗുണഭോക്താവായി ഉൾപ്പെടുത്തിയതായി കാണുന്നു. പ്രസ്തുത അപേക്ഷയിൽ ടിയാൾ തലപ്പലം ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളയാളാണ് എന്നും തലപ്പലം ഗ്രാമ പഞ്ചായത്തിൽ ടിയാൾക്ക് ഭൂമി ഇല്ലാ എന്നും മേലുകാവ് ഗ്രാമ പഞ്ചായത്തിൽ ടിയാൾക്ക് 7സെന്റ് ഭൂമി ഉണ്ട് എന്നും, ആയതിനാൽ ടിയാളെ മേലുകാവ് പഞ്ചായത്തിലെ ഭൂമിയുള്ള ഭവനരഹിതരുടെ പട്ടികയിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണം എന്നും തലപ്പലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടതായും കത്തിൽ കാണുന്നു. എന്നാൽ അപേക്ഷ തലപ്പലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കൈപ്പറ്റിയതിന്റെയോ, തുടർ നടപടികൾക്കായി മേലുകാവ് പഞ്ചായത്ത് സെക്രട്ടറിക്ക് കത്തയച്ചതിന്റെയോ വിവരങ്ങൾ ഫയലിൽ ഇല്ല. മാത്രമല്ല ടിയാളെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഭരണസമിതി തീരുമാനം എടുത്തതിന്റെ വിവരവും ഫയലിൽ കാണുന്നില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള തുകകൾ വൈദ്യുതി ബോർഡിന്റെ ഓഫീസുകളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് എങ്കിലും പ്രോജക്ടിന്റെ പൂർത്തീകരണ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ വൈദ്യുതി ബോർഡുമായി നിയമാനുസൃത കരാർ ചമച്ചിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പേര് | ഫണ്ടിനം | ഒടുക്കിയ തുക | ബിൽനമ്പർ തീയതി | തുക ഒടുക്കിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 47/19 കൊല്ലപ്പള്ളി സെക്ഷന് കീഴിൽ ലൈൻ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 210000 | 41/19.03.19 | ഇലക്ട്രിക്കൽ സെക്ഷൻ,കൊല്ലപ്പള്ളി |
| 2 | 49/19 ഈരാറ്റുപേട്ട ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 451999 | 31/29.12.18/ 155111 9/27.6.18/ 296888 | ഈരാറ്റുപേട്ട ഇലക്ട്രിക്കൽ സെക്ഷൻ |
| 3 | 50/19മൂലമറ്റം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 47200 | 33/15.01.19 | മൂലമറ്റം ഇലക്ട്രിക്കൽ സെക്ഷൻ |
| 4 | 86/19/ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1491 | 47/20.03.19 | ഇലക്ട്രിക്കൽ സെക്ഷൻ,കൊല്ലപ്പള്ളി |
| 5 | 110/19 വിവിധ വാർഡുകളിൽ കുഴൽകിണർ സ്ഥാപിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 450000/ | 31/21.03.19 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| | ആകെ | | 1160690/ | | |

വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ 11,60,690/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. വരവിനങ്ങൾ സംബന്ധിച്ച പരാമർശങ്ങൾ വിശകലനം ചെയ്ത് ബാധകമായ നിയമവ്യവസ്ഥകൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ജലസേചന പമ്പ് സെറ്റ് ( ടി.എസ്.പി) - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 84/19 ജലസേചന പമ്പ് സെറ്റ് വിതരണം (ടി.എസ്.പി) പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 1,40,000/- രൂപ പിൻവലിച്ച് 14 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ ജി.ഒ.(എം.എസ്) 22/18/ ത.സ്വ.ഭ.വ.തീയതി 14.02.18 ഖണ്ഡിക 6-1- 14 പ്രകാരം ജലസേചന പമ്പ് സെറ്റ് വിതരണം പ്രോജക്ട് പ്രകാരം എല്ലാ വിഭാഗത്തിനും ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമാണ് സബ്സിഡി അനുവദിക്കാവുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ശ്രീ.ജേക്കബ് മാമ്മൻ, പാറേപ്പുരക്കൽ, മേലുകാവ് എന്നയാൾക്ക് സബ്സിഡി ഇനത്തിൽ 10000/- രൂപ ( ബിൽ -4/18-19/ 07.09.18/ 20000/-) പിൻവലിച്ച് SBIയിലെ 67076327421 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിൽ 5 ഏക്കർ 83സെന്റ് സ്ഥലം ഉള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. രണ്ട് ഹെക്ടറിൽ താഴെ കൃഷിഭൂമി ഉള്ളവരെയാണ് ചെറുകിട കർഷകൻ എന്ന നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/18-19/2.9.19 ന് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗരേഖ പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് മാത്രം അനുവദിക്കാവുന്ന ആനുകൂല്യം ഈ വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി അറിയിക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർ ശ്രീമതി അശ്വതി വിജയന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റ് നം/ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 13.09.2018, 22.09.2018 | 451150 56940 | ലൈഫ് മിഷൻ ജനറൽ വിഭാഗം | 508090 | 0 |
| ,, | 27.09.2018 | 448870 | ലൈഫ് മിഷൻ എസ്.സി. വിഭാഗം | 397000 | 51870 |
| ,, | 13.09.2018, 22.09.2018 | 80000 8423 | ലൈഫ് മിഷൻ എസ്.സി. വിഭാഗം | 0 | 88423 |
| ജില്ലാ പഞ്ചായത്ത് | 22.09.2018 | 367056 | ലൈഫ് മിഷൻ ജനറൽ വിഭാഗം | 367056 | 0 |
| ,, | 22.09.2018 | 100158 | ലൈഫ് മിഷൻ എസ്.സി. വിഭാഗം | 0 | 100158 |
| ,, | 22.09.2018 | 439307 | ലൈഫ് മിഷൻ എസ്.റ്റി. വിഭാഗം | 420000 | 19307 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി, കൊല്ലപ്പള്ളി | സ്ട്രീറ്റ് ലൈൻ മെയിൻ വലിയ്ക്കൽ | 210000 | 0 | 210000 |
| കെ.എസ്.ഇ.ബി, ഈരാറ്റുപേട്ട | സ്ട്രീറ്റ് ലൈൻ മെയിൻ വലിയ്ക്കൽ | 451999 | 0 | 451999 |
| കെ.എസ്.ഇ.ബി, മൂലമറ്റം | സ്ട്രീറ്റ് ലൈൻ മെയിൻ വലിയ്ക്കൽ | 47200 | 0 | 47200 |
| കെ.എസ്.ഇ.ബി, കൊല്ലപ്പള്ളി | സ്ട്രീറ്റ് ലൈൻ മെയിൻ വലിയ്ക്കൽ | 1491 | 0 | 1491 |
| ഭൂജലവകുപ്പ് | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി | 450000 | 0 | 450000 |
| സംസ്ഥാന നിർമ്മിതി കേന്ദ്രം | വനിതാ തയ്യൽ പരിശീലന കേന്ദ്രം നിർമ്മാണം | 500000 | 0 | 500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

2018-19 വർഷം വായ്പയിനത്തിൽ 57,85,450/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടുണ്ട്. വായ്പ എടുത്തതിന്റെയും തിരിച്ചടവിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ നൽകിയ സ്ഥാപനം | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | ബാലൻസ് |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | | കെ.യു.ആർ.ഡി.എഫ്.സി. | 5785450 | - | 5450 | 5780000 |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6000 |
| തൻവർഷം നിക്ഷേപിച്ചത് | 0 |
| ആകെ | 6000 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6000 |

# 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

# 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ ) | 48849278 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42682181 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1667385 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

| | | | |
|---|---|---|---|
| 3-1 | | 10000 | ശ്രീമതി അശ്വതി വിജയൻ,<br>കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 21095 | ശ്രീ.നൗഷാദ് എ., സെക്രട്ടറി |
| 1-17 | 40000 | ശ്രീമതി അശ്വതി വിജയൻ, കൃഷി ഓഫീസർ |
| 1-19 | 40000 | ശ്രീ.ഫിലിപ്പ് തോമസ്, വി.ഇ.ഒ. |
| 1-20 | 405600 | ശ്രീമതി അശ്വതി വിജയൻ, കൃഷി ഓഫീസർ |
| 1-22 | 863802 | ശ്രീ.നൗഷാദ് എ., സെക്രട്ടറി |
| 1-22 | 296888 | ശ്രീമതി എൽസമ്മ ജോസഫ്, സെക്രട്ടറി |
| **ആകെ** | **1667385** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അശ്വതി വിജയൻ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ, മേലുകാവ് | കരിപ്പുകാട്ടിൽ<br>അടുക്കം പി.ഒ.<br>വെള്ളാനി<br>കോട്ടയം – 686580 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 92-93 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(1)/<br>2018/01.03.2018 | 2 |
| 94-95 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(2)/<br>2018/01.03.2018 | 1 |
| 97-98 | നം.എൽ.എഫ്.കെ.പി.2/757/അദാ./14(3)<br>തീ.19.02.2015 | 5 |
| 98-99 | നം.എൽ.എഫ്.കെ.പി.7/799/04/2.7.2004 | -- |
| 99-2000 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(3)/<br>2018/01.03.2018 | 2 |
| | | |

| | | |
|---|---|---|
| 99-02 (പ്ലാൻ) | നം.എൽ.എഫ്.കെ.പി.7/767/03/16.12.04/30.12.04 | -- |
| 2000-01 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(4)/ 2018/01.03.2018 | 3 |
| 2001-02 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(5)/ 2018/01.03.2018 | 2 |
| 2002-03 ചെലവ് | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(6)/ 2018/01.03.2018 | 3 |
| 2003-04 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(7)/ 2018/01.03.2018 | 3 |
| 2005-06 | നം.കെഎസ്എ.കെടിഎം.പി14(അദാ.2018)/220(8)/ 2018/01.03.2018 | 4 |
| 06-07 | നം.എൽ.എഫ്.കെ.പി.2/1240/11, 01.12.11 | 20 |
| 07-08 | നം.എൽ.എഫ്.കെ.പി2/270/13/09.09.13 | -- |
| 08-09 | നം.എൽ.എഫ്.കെ.പി.2/271/13/09.09.13 | 15 |
| 2009-10 | നം.എൽ.എഫ്.കെ.പി.2/272/13/07.05.14 | 10 |
| 10-11, 11-12 | നം.എൽ.എഫ്.കെ.പി.2/1668/13/3.4.09 | 19 |
| 12-13, 13-14 | നം.എൽ.എഫ്.കെ.പി/2/637/15/30.09.15/ 06.10.15 | 17 |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി-14/1261/2017/20.10.17 | 12 |
| 15-16 | കെ.എസ്.എ-കെ.ടി.എം.പി14/1531/17/05.12.17 | 10 |
| 16-17 | കെ.എസ്.എ-കെ.ടി.എം.പി14/2026/17/23.02.18 | 14 |
| 17-18 | കെ.എസ്.എ-കെ.ടി.എം.പി14/1819/18/18.10.18/13.11.18 | 16 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# <u>അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ.-കെ.ടി.എം.പി.14/1382/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ: 04812564886**
**തീയതി : 09.10.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**